**<u>കേരള ഖര മാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമായി മേഖലാ തലത്തിൽ സയന്റിഫിക് ലാൻഡ്ഫിൽ നിർമ്മിക്കുന്നതിനായി ഭൂമി കണ്ടെത്തിയ പ്രദേശങ്ങളിലെ ബഹുമാനപ്പെട്ട എം എൽ എ മാരുമായും ജില്ലാ കളക്ടർമാരുമായും 09-07-2024 ന് രാവിലെ 11 .30 ക് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ ബഹു മുഖ്യമന്ത്രി നടത്തിയ ഓൺലൈൻ യോഗത്തിന്റെ നടപടിക്കുറിപ്പ്.</u>**

**യോഗം 11 .35 ന് ആരംഭിച്ചു .**

അഡീഷണൽ ചീഫ് സെക്രട്ടറി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയെയും ബഹുമാനപ്പെട്ട എം എൽ എ മാരെയും മറ്റുള്ളവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു .

ആമുഖമായി കേരളത്തിൽ ഖര മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് നിഷ്ക്രിയ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന് സംവിധാനമൊന്നും നിലവിലില്ല എന്ന വസ്തുത അഡിഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു . എല്ലാ വിധ സംസ്കരണത്തിനു ശേഷം വരുന്ന ഏകദേശം 12 ശതമാനം നിഷ്ക്രീയ വസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യാൻ സയന്റിഫിക് ലാൻഡ്ഫിൽ അത്യാവശ്യമാണ്. KSWMP പദ്ധതിയുടെ ഭാഗമായി മേഖലാതലത്തിൽ ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിന് ഭൂമി കണ്ടെത്താൻ സാധിച്ചെങ്കിലും പ്രാദേശിക പ്രതിഷേധം ഉൾപ്പടെയുള്ള പ്രതിബന്ധങ്ങൾ കാരണം പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ പ്രസ്തുത യോഗം ചേരുന്നതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

തുടർന്ന് സംസാരിച്ച ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അഭിപ്രായത്തോട് അനുകൂലിക്കുകയും , പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട എം എൽ എ മാരുടെ സഹകരണം ഉണ്ടാവണമെന്നും അഭ്യർഥിച്ചു .

KSWMP യുടെ പ്രോജെക്റ്റ് ഡയറക്ടർ പദ്ധതിയുടെ ഘടനയും പുരോഗതിയും സംസ്ഥാനത്തെ 20 മാലിന്യ നിക്ഷേപങ്ങൾ ബയോ-റെമഡിയേറ്റ് ചെയ്യുന്ന പ്രവർത്തിയുടെയും, ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ ഭൂമിയുടെ വിശദാംശങ്ങളും, ഭൂമി ഏറ്റെടുക്കുന്ന പ്രവർത്തിയുടെ തൽസ്ഥിതിയും വിശദീകരിച്ചു.

I. 07 - 10 -2021ന് Project Implementation manual (PIM) അംഗീകരിക്കുകയും 29 -03 -2022 ന് നിലവിൽ വരികയും ചെയ്ത പദ്ധതിയുടെ പൂർത്തീകരണം 30 -06 -2027 നാണ് . പദ്ധതിയുടെ പകുതി കാലാവധി പൂർത്തിയായ അവസരത്തിൽ 2024 ജൂണിൽ പദ്ധതിയുടെ Mid Term Review പൂർത്തിയായി .

II. ലോക ബാങ്കും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കും 35 % വീതവും സംസ്ഥാന സർക്കാർ 30 % സാമ്പത്തിക സഹായം ചെയ്യുന്ന പദ്ധതിയുടെ ആകെ തുക ഏകദേശം 2457 കോടി രൂപയാണ് (300 മില്യൺ യു എസ് ഡോളർ) . നാളിതുവരെ ഏകദേശം 74 .39 കോടി രൂപ മാത്രമാണ് പദ്ധതി ചിലവ് .

III. പദ്ധതിക്ക് പ്രധാനമായും 3 ഘടകങ്ങളാണ് ഉള്ളത് . തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, തദ്ദേശ സ്വയംഭരണ വകുപ്പിനും സാങ്കേതിക സഹായം നൽകുന്നതിനും, മാനവ വിഭവ ശേഷി വികസിപ്പിക്കുന്നതിനും , പൊതുജന അവബോധം സൃഷ്ടിക്കുന്നതിനും പദ്ധതി അവലോകനത്തിനും നടത്തിപ്പിനുമാണ് ഒന്നാം ഘടകം . നഗരസഭകളുടെ വിശദമായ മാലിന്യ സംസ്കരണ രൂപരേഖ തയ്യാറാക്കാനും നഗരസഭകളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമാണ് രണ്ടാമത്തെ ഘടകം . മേഖല തലത്തിലുള്ള റീസൈക്ലിങ് ലാൻഡ്ഫിൽ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനാണ് മൂന്നാമത്തെ ഘടകം വിഭാവനം ചെയ്തിരിക്കുന്നത് .

IV. നഗരസഭകൾക്കുള്ള പദ്ധതി വിഹിതത്തിൽ 40 % അടിസ്ഥാന ഗ്രാന്റും പിന്നീടുള്ള 60 % ഇൻസെന്റീവ് ഗ്രാന്റുമായാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത് . സർക്കാർ അംഗീകരിച്ച PIM ൽ പ്രതിപാദിച്ചിട്ടുള്ള മൂന്ന് വ്യവസ്ഥകൾ പൂർത്തിയാക്കുന്ന നഗരസഭകൾക്ക് മാത്രമേ ഇൻസെന്റീവ് ഗ്രാന്റിൽ 40 % ന് അർഹതയുണ്ടാവുകയൊള്ളൂ . അതിൽ തന്നെ ഏറ്റവും പ്രധാനപ്പെട്ടത് നഗരസഭകളിൽ നിഷ്ക്രിയ വസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യാനുള്ള സയന്റിഫിക് ലാൻഡ്ഫിൽ സംവിധാനത്തിന്റെ ലഭ്യതയാണ് . നിലവിൽ ഒരു ലാൻഡ്ഫിൽ പ്രവൃത്തിപോലും തുടങ്ങാൻ സാധിക്കാതിരിക്കുകയും തത്ഫലമായി ഒരു നഗരസഭക്കു പോലും ഇൻസെന്റീവ് ഗ്രാന്റ് ലഭ്യമാക്കാൻ പറ്റാത്ത സാഹചര്യവുമാണുള്ളത് . ഈ വ്യവസ്ഥയും പദ്ധതിയുടെ ഫണ്ട് വിനിയോഗം കുറയാൻ കാരണമാക്കി . മേൽ സാഹചര്യത്തിൽ ലാൻഡ്ഫിൽ പദ്ധതിയിലെ അനിശ്ചിതത്വം പദ്ധതിയിലെ മൂന്നാമത്തെ ഘടകത്തിലെ വിനിയോഗത്തോടൊപ്പം രണ്ടാമത്തെ ഘടകത്തിലെ നഗരസഭകൾക്കുള്ള സാമ്പത്തിക സഹായത്തേയും ബാധിച്ചിട്ടുണ്ട് . ആയതിനാൽ പൊതുവിൽ പദ്ധതി വിനിയോഗം വളരെ കുറയാനും കാരണമായി .

V. എന്നിരുന്നാലും ചെറിയ രീതിയിൽ പദ്ധതിയിൽ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട് .

- ഏകദേശം 238 കോടി രൂപയുടെ കൺസൾട്ടൻസി കരാറുകൾ ഇതുവരെ ഒപ്പുവെച്ചു കഴിഞ്ഞു .
- 140 ബാച്ചുകളിലായി ഹരിതകർമസേന ഉൾപ്പടെ ഏകദേശം 9000 പേർക്ക് വിവിധ പരിശീലനങ്ങൾ നടപ്പാക്കി കഴിഞ്ഞു .
- നഗരസഭകളിലെ ജനപ്രതിനിധികൾക്കായി മേഖലാ തലത്തിൽ ശില്പശാല നടത്തി
- സംസ്ഥാനത്തെ 20 മാലിന്യ നിക്ഷേപ കേന്ദ്രങ്ങൾ ബയോ റെമെഡിയേറ്റ് ചെയ്യുന്നതിനുള്ള 96 കോടി രൂപയുടെ കരാർ 2024 മാർച്ച് 06 ന് ഒപ്പുവെച്ചു . ഏകദേശം 60 ഏക്കർ ഭൂമി 2025 മെയ് മാസത്തോടെ മാലിന്യ മുക്തമാക്കി വീണ്ടെടുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു .
- അമ്പലമേട്ടിൽ കിൻഫ്രയുടെ ഭൂമിയിൽ സയന്റിഫിക് ലാൻഡ്ഫിൽ നിർമ്മിക്കുന്നതിനുള്ള സാധ്യത പഠനം അവസാന ഘട്ടത്തിലാണ് . പാരിസ്ഥിതിക സാമൂഹിക ആഘാത പഠനം പുരോഗമിക്കുന്നു.
- ട്രാക്ക് 1 പദ്ധതിയുടെ ഭാഗമായി നഗരസഭകൾക്ക് ഏകദേശം 16 കോടി രൂപയുടെ

ഉപകരണങ്ങൾ ലഭ്യമാക്കി കഴിഞ്ഞു . 60 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള DPR തയ്യാറാക്കി വരുന്നു .

- പൊതുജനാരോഗ്യത്തെയും പാരിസ്ഥിതിക സുരക്ഷയെയും മുൻനിർത്തി മാലിന്യ സംസ്കരണ കേന്ദ്രങ്ങളുടെ അഗ്നി സുരക്ഷാ ഓഡിറ്റും ഡംപ് സൈറ്റുകളിൽ ഡ്രോൺ സർവേയും പൂർത്തീകരിച്ചു .

VI. **സയന്റിഫിക് ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിനായി 2016 ലെ കേന്ദ്ര ഖര മാലിന്യ പരിപാലന ചട്ടം അനുശാസിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്ന ഭൂമി കണ്ടെത്തിയിട്ടുണ്ട് :**

1 . കാസർഗോഡ് ജില്ലയിലെ ഹൊസ്ദുർഗ് താലൂക്കിൽ പെട്ട ചീമേനി എസ്റ്റേറ്റിൽ നിന്നും സോളാർ പാർക്കിന് വേണ്ടി അനുവദിച്ച 475 ഏക്കറിൽ നിന്ന് 25 ഏക്കർ ഭൂമി

- 2023 ജൂലൈ 08 ന് KSWMP, RPCKL, Revenue ഉദ്യോഗസ്ഥർ സംയുക്ത പരിശോധന നടത്തി.
- site suitability കമ്മിറ്റി സ്ഥലം പരിശോധിച്ച് 27-07-2023 ന് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചു.
- പ്രസ്തുത ഭൂമിയിൽ ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിനുള്ള സാധ്യത പഠനവും പാരിസ്ഥിതിക ആഘാത പഠനവും പൂർത്തിയാക്കാനുള്ള സ്ഥാപനങ്ങളെ 2023 ജൂലൈയിൽ ടെൻഡർ മുഖാന്തിരം കണ്ടെത്തി
- റവന്യൂ വകുപ്പ് 25 ഏക്കർ ഭൂമി വർഷം 21,99,653 രൂപ ലീസിന് 07-10-2023 ന് ലാൻഡ്ഫിൽ നിർമ്മിക്കുന്നതിനായി KSWMP ക്ക് അനുവദിച്ചു .
- സാധ്യത പഠനവും പാരിസ്ഥിതിക ആഘാത പഠനവും നടത്താൻ ലോക ബാങ്ക് 2023 സെപ്റ്റംബറിൽ അനുവാദം നൽകി
- പക്ഷെ പ്രാദേശിക പ്രക്ഷോഭങ്ങൾ കാരണം പദ്ധതി പ്രവർത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല

2 . കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ പാണപ്പുഴ വില്ലേജിലെ സ്വകാര്യ ഉടമസ്ഥതയിലുള്ള 25 ഏക്കർ ഭൂമി

- സ്വകാര്യ വ്യക്തികൾ ഭൂമി ലാൻഡ്ഫിൽ നിർമ്മാണത്തിനായി KSWMP ക്ക് വിട്ട് നൽകുന്നതിന് സമ്മതം അറിയിക്കുകയും , KSWMP പ്രാഥമിക Site Suitability റിപ്പോർട്ട് ലോക ബാങ്കിന് സമർപ്പിക്കുകയും ചെയ്തു .
- site suitability കമ്മിറ്റി സ്ഥലം പരിശോധിച്ച് 27-07-2023 ന് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചു .

- 23-06-2023 നും 11-08-2023 നമായി കണ്ണൂർ ജില്ലാ കളക്ടർ സർവ്വേ റിപ്പോർട്ട് ലഭ്യമാക്കി

- ഭൂമി ഏറ്റെടുക്കുന്നതിനായുള്ള ഭരണാനുമതിക്കു വേണ്ടിയുള്ള അപേക്ഷ 10-10-2023 ന് KSWMP സർക്കാരിലേക്ക് സമർപ്പിച്ചു .

- അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ് .

3 . പാലക്കാട് ജില്ലയിലെ പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ ഉൾപ്പെട്ട KSIDC ലേലം ചെയ്തതും അതോട്ടു ചേർന്ന് കിടക്കുന്ന സ്വകാര്യ വ്യക്തിയുടെയും ഭൂമി.

- KSWMP പ്രാഥമിക Site Suitability റിപ്പോർട്ട് ലോക ബാങ്കിന് സമർപ്പിച്ചു

- നിലവിൽ ഭൂമി ലേലത്തിന് വാങ്ങിയ സ്വകാര്യ വ്യക്തികൾ ഭൂമി വിട്ട് നൽകുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ട് .

- 20-05-2023 നും 01-06-2023 നു മായി പാലക്കാട് ജില്ലാ കളക്ടർ സർവ്വേ റിപ്പോർട്ട് ലഭ്യമാക്കി

- site suitability കമ്മിറ്റി സ്ഥലം പരിശോധിച്ച് 27-07-2023 ന് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചു.

- ഭൂമി ഏറ്റെടുക്കുന്നതിനായുള്ള ഭരണാനുമതിക്കു വേണ്ടിയുള്ള അപേക്ഷ 15-07 -2023 ന് KSWMP സർക്കാരിലേക്ക് സമർപ്പിച്ചു .

- അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ് .

4 . എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്കിൽ അമ്പലമേട്ടിൽ കിൻഫ്രയുടെ 25 ഏക്കർ ഭൂമി

- 2022 മെയ് 19 ന് KSWMP, KSEB, Revenue, KRAIL , KINFRA , KEIL ഉദ്യോഗസ്ഥർ സംയുക്ത പരിശോധന നടത്തി

- 2022 ജൂലൈ 01 ന് ദക്ഷിണ നാവിക ആസ്ഥാനത്ത് നിന്ന് പദ്ധതിക്കായി NOC ലഭിച്ചു

- ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിനുള്ള സാധ്യത പഠനവും പാരിസ്ഥിതിക ആഘാത പഠനവും നടത്തുന്നതിന് 2022 സെപ്റ്റംബർ 03 ന് നടത്തിയ യോഗത്തിൽ അഡിഷണൽ ചീഫ് സെക്രട്ടറി അനുവാദം നൽകി .

- 26-12-2022 നും 12-01-2023 നുമായി എറണാകുളം ജില്ലാ കളക്ടർ സർവ്വേ റിപ്പോർട്ട് ലഭ്യമാക്കി .

- site suitability കമ്മിറ്റി സ്ഥലം പരിശോധിച്ച് 27-07-2023 ന് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചു

- പ്രസ്തുത ഭൂമിയിൽ ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിനുള്ള സാധ്യത പഠനവും പാരിസ്ഥിതിക ആഘാത പഠനവും പുരോഗമിക്കുന്നു.

<u>5 . കൊല്ലം ജില്ലയിലെ പുനലൂർ താലൂക്കിൽ പത്തടിയിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള 56 ഏക്കർ റബ്ബർ തോട്ടം .</u>

- സ്വകാര്യ വ്യക്തികൾ ഭൂമി ലാൻഡ്ഫിൽ നിർമ്മാണത്തിനായി KSWMP ക്ക് വിട്ട് നൽകുന്നതിന് സമ്മതം അറിയിക്കുകയും , KSWMP പ്രാഥമിക Site Suitability റിപ്പോർട്ട് ലോക ബാങ്കിന് സമർപ്പിക്കുകയും ചെയ്തു .

- 22-05-2023 ന് കൊല്ലം ജില്ലാ കളക്ടർ സർവ്വേ റിപ്പോർട്ട് ലഭ്യമാക്കി

- site suitability കമ്മിറ്റി സ്ഥലം പരിശോധിച്ച് 27-07-2023 ന് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചു .

- സാധ്യത പഠനവും പാരിസ്ഥിതിക ആഘാത പഠനവും നടത്താൻ ലോക ബാങ്ക് 2023 സെപ്റ്റംബറിൽ അനുവാദം നൽകി

- 09-10-2023 ന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി സർക്കാർ നൽകി

- 30-03-2024 ന് പുനലൂർ തഹസിൽദാർ 5,80,16,645/- കോടി രൂപയായി വില നിശ്ചയിച്ച് valuation certificate ലഭ്യമാക്കി

- 11-06-2024 നും 02-07-2024 നും ജില്ലാ കളക്ടർ ഉടമസ്ഥരുമായി ചർച്ച നടത്തി

- 02-07-2024 ലെ ചർച്ച ഏരൂർ പഞ്ചായത്ത് പ്രസിഡൻറ് വാർഡ് മെമ്പറും ചേർന്ന് തടസ്സപ്പെടുത്തി

- പ്രാദേശിക പ്രക്ഷോഭങ്ങൾ കാരണം പദ്ധതി പ്രവർത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല

സ്ഥല ലഭ്യതയില്ലാത്തത് കൊണ്ടും കണ്ടെത്തിയ സ്ഥലത്ത് പ്രാദേശിക പ്രതിഷേധങ്ങൾ കാരണവും പദ്ധതി പ്രവർത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്നും പ്രോജെക്ട് ഡയറക്ടർ കൂട്ടി ചേർത്തു .

VII. തുടർന്ന് പ്രോജെക്ട് ഡയറക്ടർ സയന്റിഫിക് ലാൻഡ്ഫിൽ നമ്മൾ കണ്ട് പരിചയിച്ച ഡംപ്സൈറ്റുകളിൽ നിന്നും വളരെ വ്യത്യസ്തമാണെന്നും വളരെ ശാസ്ത്രീയമായി പൊതു ജനാരോഗ്യത്തെയും പരിസ്ഥിതിക്കും കോട്ടം തട്ടാത്ത രീതിയിൽ നിഷ്ക്രിയ വസ്തുക്കൾ നിർമ്മാർജനം ചെയ്യുന്നതിന് അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു സംവിധാനമാണ് സയന്റിഫിക് ലാൻഡ്ഫിൽ എന്നും അറിയിച്ചു . നിലവിൽ ഹസാർഡസ് മാലിന്യം നിർമ്മാർജനം ചെയ്യുന്നതിനായി എറണാകുളം ജില്ലയിലെ അമ്പലമേട്ടിൽ സ്ഥിതി ചെയ്യുന്ന KEIL ലാൻഡ്ഫിൽ ഒരുത്തമ ഉദാഹരണമാണെന്നും വിശദീകരിച്ചു .

വളരെ ശാസ്ത്രീയമായ ഈ സംവിധാനങ്ങളിൽ എല്ലാ സംസ്കരണത്തിന് ശേഷം അവശേഷിക്കുന്ന നിഷ്ക്രീയ വസ്തുക്കളാണ് നിർമ്മാർജനം ചെയ്യേണ്ടതെന്നും . ഇത്തരം ലാൻഡ്ഫിൽ മേഖല അടിസ്ഥാനത്തിലാണ് സ്ഥാപിക്കാൻ ലക്ഷ്യമിടുന്നതെന്നും ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കി . സംസ്ഥാനത്തെ മുഴുവൻ നിഷ്ക്രീയ വസ്തുക്കൾ ഒരു സ്ഥലത്തേക്ക് കൊണ്ട് വരുന്നത് പ്രായോഗികമല്ലാത്തതിനാൽ അതാത് മേഖലക്ക് ആവശ്യമായ സൗകര്യം സ്ഥാപിക്കുന്നതെന്നും , പദ്ധതി പ്രാവർത്തികമാക്കാൻ ജനപ്രതിനിധികൾ സഹകരിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രി കൂട്ടിച്ചേർത്തു .

പാലക്കാട് ജില്ലയിൽ പുതുശ്ശേരി ഈസ്റ്റിൽ കണ്ടെത്തിയ ഭൂമി പ്രതിഷേധത്തെ തുടർന്ന് ഉപേക്ഷിക്കുകയും പിന്നീടാണ് പുതുശ്ശേരി വെസ്റ്റിൽ IMAGE ന്റെ ആശുപത്രി മാലിന്യ സംസ്കരണ പ്ലാന്റിനോട് ചേർന്ന് ഉചിതമായ ഭൂമിയും, അമ്പലമേട്ടിൽ petrochemical പാർക്കിന് വേണ്ടി FACT നോടും KEIL ന്റെ hazardous ലാൻഡ്ഫില്ലിനോടും ചേർന്ന് കിടക്കുന്നതുമാണ് കണ്ടെത്തിയ സ്ഥലങ്ങൾ . രണ്ടും വ്യവസായ മേഖല ആയതിനാൽ പ്രതിഷേധങ്ങൾ ഉണ്ടാവാൻ സാധ്യത കുറവാണെന്നും ബഹുമാനപ്പെട്ട മന്ത്രി അഭിപ്രായപ്പെട്ടു

അമ്പലമേട്ടിൽ ഇത്തരം ഒരു പദ്ധതി വരുന്നതിനെ പറ്റിയുള്ള വിശദാംശങ്ങൾ ലഭിച്ചിരുന്നില്ല എന്ന് ബഹുമാനപ്പെട്ട കുന്നത്തുനാട് എം എൽ എ ശ്രീ പി വി ശ്രീനിജൻ അറിയിച്ചു . എന്നിരുന്നാലും നിലവിൽ ബ്രഹ്മപുരം മാലിന്യ നിക്ഷേപ കേന്ദ്രം സ്ഥിതി ചെയ്യുകയും രണ്ട് ആശുപത്രി മാലിന്യ സംസ്കരണ പ്ലാന്റും KEIL ഉം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ലാൻഡ്ഫിൽ കൂടെ വരുന്നത് പ്രാദേശികമായി എതിർപ്പ് ഉണ്ടാകാൻ സാധ്യത ഉണ്ടെന്നു അദ്ദേഹം പറഞ്ഞു. പദ്ധതിയെ കുറിച്ച് പൊതുജനത്തിന് അറിവ് ഇല്ലാത്തതിനാലായിരിക്കണം പ്രത്യക്ഷത്തിൽ പ്രതിഷേധങ്ങളില്ലാത്തതെന്നും ബഹുമാനപ്പെട്ട എം എൽ എ പറഞ്ഞു . ജനപ്രതിനിധികളെയും പൊതു ജനങ്ങളെയും പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാൻ വേണ്ട നടപടികൾ ഉണ്ടാവണമെന്നും ആവശ്യപ്പെട്ടു.

ബ്രഹ്മപുരത്തെ ബയോ റെ മ ഡി യേ ഷ ൻ 37 ശതമാനം പൂർത്തിയായെന്നും പദ്ധതി നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ടെന്നും ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു . സ്ഥലം അനുയോജ്യമാണോ എന്ന പരിശോധനയും സാധ്യത പഠനവുമാണ് പൂർത്തിയാക്കിയതെന്നും . സ്ഥലം ലാൻഡ്ഫിൽ നിർമ്മിക്കാൻ അനുയോജ്യമാണെന്നും കണ്ടെത്താതെ ചർച്ചകൾ നടത്തുന്നത് അനുയോജ്യമല്ലാത്തതിനാലുമാണ് അത്തരം consultations ഇതുവരെ നടത്താതിരുന്നതെന്നും ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു . അമ്പലമേട്ടിൽ സാധ്യത പഠനം പൂർത്തിയായ സ്ഥിതിക്ക് consultations നടത്താവുന്നതാണെന്നും മന്ത്രി പറഞ്ഞു .

ചീമേനിയെ സംബന്ധിച്ചിടത്തോളം ഉദ്യോഗസ്ഥ തലത്തിൽ പ്രാഥമിക പരിശോധനകൾ നടത്തിയ അവസരത്തിൽ തന്നെ വലിയ പ്രതിഷേധങ്ങൾ ആരംഭിച്ചെന്നു ബഹുമാനപ്പെട്ട എം എൽ എ ശ്രീ എം രാജഗോപാലൻ അറിയിച്ചു. രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് പുറമെ പല സംഘടനകളുടെ നേതൃത്വത്തിൽ പൊതുജന പ്രക്ഷോഭങ്ങൾ നടന്നു വരുന്നുണ്ടെന്നും പ്രസ്തുത പ്രദേശത്തെ സർക്കാർ ഭൂമി ഒക്കെ തന്നെ വികസനത്തിന് അല്ലാതെ തുറന്ന ജയിൽ സോളാർ പാർക്ക് തുടങ്ങിയ മറ്റ് പദ്ധതികൾക്ക് ഉപയോഗിക്കുന്നതും പ്രതിഷേധത്തിന് കാരണമാണെന്ന് എം എൽ എ കൂട്ടിച്ചേർത്തു .

പയ്യന്നൂരിൽ ഇത്തരം ഒരു പദ്ധതി വരുന്നതായി അറിഞ്ഞിട്ടില്ലെന്നു ബഹുമാനപ്പെട്ട എം എൽ എ ശ്രീ

മധുസൂദനൻ അറിയിച്ചു . എങ്കിലും പാണപ്പുഴ വില്ലജ് ആയതിനാൽ കല്യാശേരി മണ്ഡലം ആകാൻ സാധ്യത ഉണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു . പദ്ധതിയെ പറ്റിയുള്ള വിശദമായ വിവരം ലഭ്യമായാൽ എന്ത് ചെയ്യാൻ സാധിക്കുമെന്ന വിവരം പരിശോധിക്കാമെന്ന് അദ്ദേഹം അറിയിച്ചു .

ബഹുമാനപ്പെട്ട പുനലൂർ എം എൽ എ ശ്രീ പി എസ് സുപാലിന് യോഗത്തിൽ പങ്കെടുക്കാൻ സാധിക്കില്ല എന്ന് അറിയിച്ചതായും അദ്ദേഹത്തിനും പദ്ധതിയുടെ ശാസ്ത്രീയ - സുരക്ഷാ വശങ്ങളെ കുറിച്ച് വേണ്ടത്ര അറിവ് ലഭിച്ചിട്ടില്ലെന്നു അദ്ദേഹം നൽകിയ കുറിപ്പിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചുവെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗത്തെ അറിയിച്ചു .

WP (C) No . 19611 / 2015 ലെ ഹൈക്കോടതി വിധി നിലനിൽക്കുന്നതിനാൽ ഉഭയ സമ്മതപ്രകാരം വില നിശ്ചയിച്ച് സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സം ഉണ്ടെന്നു ചീഫ് സെക്രട്ടറി അറിയിച്ചു. വിധി പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നിയമ വകുപ്പ് സെക്രട്ടറിയും ഉൾപ്പെട്ട സമിതി പരിശോധിച്ച് വരികയാണെന്നും , സമിതി ഉടനെ തന്നെ ചേർന്ന് ശുപാർശ സമർപ്പിക്കുമെന്നും അറിയിച്ചു .

2024 ജൂൺ മാസം പദ്ധതിയുടെ mid term റിവ്യൂ നടത്തുന്നതിന് എത്തിയ ലോക ബാങ്ക് സംഘവുമായി നടത്തിയ ചർച്ചയിൽ നിന്ന് ഭൂമി കണ്ടെത്താൻ സാധിക്കാത്തതിനാലും പദ്ധതിക്ക് ആവശ്യമായ പുരോഗതി കൈവരിക്കാൻ സാധിക്കാതെ ഇരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പദ്ധതിക്കുള്ള സാമ്പത്തിക സഹായം വെട്ടിച്ചുരുക്കാൻ ആണ് ലോക ബാങ്കിന്റെ തീരുമാനം എന്ന് മനസിലാക്കാൻ സാധിച്ചുവെന്നും, വിശദമായ ചർച്ചകൾക്കൊടുവിൽ ഈ തീരുമാനം മൂന്നോ നാലോ മാസത്തേക്ക് നീട്ടിവെക്കാൻ അവർ സമ്മതിച്ചതായും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ കെ എം എബ്രഹാം അറിയിച്ചു. നിലവിലെ സാഹചര്യത്തിൽ ഈ മേഖലയിൽ ഇത്ര സാമ്പത്തിക സഹായത്തോടെ ഒരു പദ്ധതി ലഭിക്കാൻ വളരെ ബുദ്ധിമുട്ടായിരിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്ത്യയിൽ തന്നെയും ലോകത്താകമാനവും വളരെ വിജയകരമായി പൂർത്തീകരിച്ച് നടത്തുന്ന ലാൻഡ്ഫിൽ പദ്ധതി സംസ്ഥാനത്തിനും അത്യന്താപേക്ഷിതമാണെന്നും. ഡൽഹിയിലും മറ്റും ഇത്തരം ലാൻഡ്ഫിൽ പൂർത്തിയായ ശേഷം പാർക്കുകളും മറ്റുമായി ഉപയോഗിക്കുന്ന സാഹചര്യം നിലവിലുണ്ടെന്നും ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് കൈക്കൊള്ളുന്ന ഏതു തീരുമാനവും പദ്ധതിയുടെ മുഴുവൻ നിലനില്പിനെയും ബാധിക്കുമെന്നും അറിയിച്ചു.

ഉഭയ സമ്മതപ്രകാരം വില നിശ്ചയിച്ച് സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന് മാത്രമേ ബുദ്ധിമുട്ടു വരാൻ സാധ്യതയൊള്ളു എന്നും . സർക്കാർ കമ്പനികൾക്ക് ഒരു ലീഗൽ പേഴ്സൺ എന്ന നിലയിൽ ഉഭയ സമ്മതപ്രകാരം വില നിശ്ചയിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് പ്രശ്നമില്ല എന്നും അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെട്ടു എന്നും ശ്രീ കെ എം എബ്രഹാം അറിയിച്ചു . ഇത്തരത്തിൽ ആദ്യത്തെ ഉത്തരവ് വയനാട്ടിൽ കോഫി പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതിന് വ്യവസായ വകുപ്പ് പുറത്തിറക്കിയെന്നും ആയതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള ഏതെങ്കിലും ഒരു കമ്പനിക്ക് ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സം ഉണ്ടാവാൻ സാധ്യത ഇല്ലെന്നും അദ്ദേഹം കൂട്ടി ചേർത്തു .

ലാൻഡ്ഫിൽ പദ്ധതി എന്ന് കേൾക്കുമ്പോൾ വിളപ്പിൽ ശാലയിലെ മാതൃകയിലുള്ള പദ്ധതിയാണ് എല്ലാവരുടെയും ഓർമയിൽ വരാനിടയുള്ളതെന്നും ആയതിനാൽ അവ ദൂരീകരിക്കാൻ വേണ്ട

പ്രവർത്തനം ആവശ്യമാണെന്നും പ്രാഥമികമായി പദ്ധതിയുടെ പ്രത്യേകതകളെ കുറിച്ച് എം എൽ എ മാരുമായി ചർച്ച നടത്തേണ്ടതാണെന്നും, അതോടൊപ്പം പ്രാദേശിക തലത്തിൽ വിപുലമായ കൺസൽട്ടേഷനും ആവശ്യമാണെന്നും മുഖ്യമന്ത്രി അറിയിച്ചു. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറിയുടെ സമിതിയുടെ നിർദേശം ലഭ്യമാക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. എല്ലാ പ്രവർത്തികൾക്കും കൃത്യമായ സമയക്രമം പാലിക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു .

എം എൽ എ മായുള്ള ചർച്ച 2024 ജൂലൈ മാസം തന്നെ നടത്താമെന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. അതിനായി ലാൻഡ്ഫില്ലിനെ കുറിച്ച് ലളിതമായും വിശദമായും പ്രതിപാദിക്കുന്ന വീഡിയോയും ചിത്രങ്ങളും മറ്റും തയ്യാറാക്കണമെന്നും മന്ത്രി നിർദേശിച്ചു .

അക്വിസിഷൻ നടപടികൾ വഴി ഭൂമി ഏറ്റെടുക്കുന്നത് കാലതാമസം വരുത്തുമെന്നും ആയതിനാൽ ഉഭയ സമ്മത പ്രകാരം വില നിശ്ചയിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി തന്നെ നൽകണമെന്നും പ്രോജക്ട് ഡയറക്ടർ അഭ്യർഥിച്ചു .

കോഫി പാർക്കുമായി ബന്ധപ്പെട്ട ഉത്തരവ് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കാമെന്ന് ചീഫ് സെക്രട്ടറി മറുപടി നൽകി.

വിപുലമായ കൺസൽട്ടേഷൻ നടത്തി ജനങ്ങളുടെ ആശങ്ക അകറ്റേണ്ടുന്നത് അത്യാവശ്യമാണ് അത് പദ്ധതിയുടെ ഭാഗമായി ചെയ്യേണ്ടതുമാണ് എന്ന് ചീഫ് സെക്രെട്ടറി അഭിപ്രായപ്പെട്ടു .

**വിശദമായ ചർച്ചകൾക്ക് ശേഷം ചുവടെ ചേർക്കുന്ന തീരുമാനങ്ങളെടുത്തു**

1. **ലാൻഡ്ഫില്ലിനായി സ്ഥലം കണ്ടെത്തിയിട്ടുള്ള പ്രദേശത്തെ എം എൽ എ മാരുമായി 2024 ജൂലൈ മാസം തന്നെ വിശദമായ ചർച്ച നടത്തുക**

2. **അതാത് പ്രദേശത്തു പ്രാദേശിക തലത്തിൽ വിപുലമായ കൺസൽറ്റേഷൻ നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുക .**

3. **പദ്ധതിയുടെ സാങ്കേതിക സുരക്ഷാ വശങ്ങൾ വിശദമാക്കുന്ന വിഡിയോകളും , ബ്രോഷറുകളും മറ്റും തയ്യാറാക്കുക**

4. **സർക്കാർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് പരിശോധിച്ച് ചീഫ് സെക്രട്ടറിയുടെ അഭിപ്രായം കൂടി സ്വീകരിച്ചു negotiated purchase സാധ്യത കൂടി പരിശോധിച്ച് ഉടൻ തന്നെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമം ആരംഭിക്കുക.**

5. **പയ്യന്നൂരിലും പാലക്കാടും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക .**